# റൂളിംഗ്

ബിൽഡിംഗ് റൂൾസിൽ ഇളവ് നൽകിയത് സംബന്ധിച്ച്

മി. സ്പീക്കർ: കേരള ഹൈക്കോടതിയുടെ സി.എം. ദിനേശ് മണി V/s. സ്റ്റേറ്റ് ഓഫ് കേരള 2015-3 KAT-C-957 എന്ന കേസ്സിലെ വിധിപ്രകാരം NBC ഒരു ഗൈഡ്ലൈൻ മാത്രമാണെന്നും റൂൾ അല്ലെന്നും വ്യക്തമാണ്. പ്രസ്തുത ഗൈഡ്ലൈൻസ് ബിൽഡിംഗ് റൂൾസിൽ ഉൾക്കൊള്ളിക്കണമോ എന്ന കാര്യം സംസ്ഥാന ഗവൺമെന്റിന് തീരുമാനിക്കാമെന്നും പ്രസ്തുത വിധിയിലുണ്ട്. കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾസിലെ 44--ാം വകുപ്പുപ്രകാരം ഫയർ പ്രൊട്ടക്ഷന് മാത്രമാണ് എൻ.ബി.സി. റൂൾ ബാധകമാക്കിയിട്ടുള്ളത്. 1999-ലെ കേരള ബിൽഡിംഗ് റൂൾസ് കേരള നിയമസഭ പാസ്സാക്കിയ ഒന്നാണെന്ന പരാമർശം ശരിയല്ല. പ്രസ്തുത റൂൾസ് സഭാ ചട്ടങ്ങളിൽ നിബന്ധന ചെയ്തിട്ടുള്ള പ്രകാരം സഭയുടെ മേശപ്പുറത്ത് വയ്ക്കുക മാത്രമേ ഉണ്ടായിട്ടുള്ളൂ. മേൽ പരാമർശങ്ങളുടെയും ഹൈക്കോടതി വിധിയുടെയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും മന്ത്രിയുടെയും വിശദീകരണത്തിന്റെയും വെളിച്ചത്തിൽ ശ്രീ. വി.എസ്. സുനിൽകുമാർ ഉന്നയിച്ച ക്രമപ്രശ്നം നിലനിൽക്കുന്നതല്ല. അത് തള്ളുന്നു.